**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - അദ്ധ്യാപക പാക്കേജ് - സംരക്ഷിത അദ്ധ്യാപക-അനദ്ധ്യാപകരുടെ ശമ്പള വിതരണം സംബന്ധിച്ച നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (പി) നം.148/2016/പൊവിവ തീയതി, തിരുവനന്തപുരം, 31.08.2016**

പരാമർശം: 1. 29.01.2016 ലെ ലെ സ.ഉ. (പി) നം. 29/2016/പൊവിവ.
2. 5.8.2016 ലെ സ.ഉ (പി) നം. 134/2016/പൊവിവ
3. 18.8.2016 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/35985/16/ഡിപിഐ നമ്പർ കത്ത്

**ഉത്തരവ്**

സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം, ശമ്പള വിതരണം എന്നിവ സംബന്ധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക III (4) ബി പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

"സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകരുടെ ശമ്പള വിതരണം അവർ പുനർവിന്യസിക്കപ്പെടുന്ന മറ്റു സ്പാർക്കിലൂടെ ആയിരിക്കും. ടി അദ്ധ്യാപകരുടെ തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് 6.3.1969 ലെ സ.ഉ. (പി) നമ്പർ 104/69/പൊവിവ, 29.9.1999 ലെ സ.ഉ. (പി) നമ്പർ 240/99/പൊവിവ, 24.7.2000 ലെ സ.ഉ. (പി) നമ്പർ 240/2000/പൊവിവ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് അർഹതപ്പെട്ട അവധിയായോ ശൂന്യവേതന അവധിയായോ ക്രമീകരിക്കേണ്ടതാണ്".

പരാമർശം (2) ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ താഴെപ്പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1). 2015-16 ലെ തസ്തിക നിർണ്ണയത്തെ തുടർന്ന് തസ്തിക നഷ്ടമായ സംരക്ഷിത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ 2016 ഏപ്രിൽ, മെയ് അവധി മാസങ്ങളിലെ ശമ്പളം ലഭിക്കാത്തവർക്ക് ആയത് ക്യാഷ് ആയി നൽകുന്നതാണ്.

2). ഇനിയും പുനർ വിന്യസിക്കാത്ത അദ്ധ്യാപകരെ 9-9-2016-നകം തസ്തികകൾ കണ്ടെത്തി പുനർ വിന്യസിക്കേണ്ടതാണ്.

3). മേൽപ്പറഞ്ഞ തസ്തിക നഷ്ടമായ ജീവനക്കാർക്ക് പുനർ വിന്യാസം വരെയുള്ള കാലയളവ്, 29/01/2016 ലെ ജി.ഒ (പി) നം.29/16/പൊ.വി.വ പ്രകാരം ക്രമീകരിക്കുമെന്ന വ്യവസ്ഥയിൽ 2016 ഓഗസ്റ്റിലെ ശമ്പളം മുൻകൂറായി നൽകുവാൻ അനുമതി നൽകാവുന്നതാണ്. ഈ ജീവനക്കാർക്ക് സർക്കാർ ഉത്തരവാകുന്ന പ്രത്യേക ഉൽസവബത്ത/ബോണസിന് അർഹത ഉണ്ടായിരിക്കും.

4). 2017-18 അധ്യയന വർഷം മുതൽ, ഇത്തരം പ്രതിസന്ധികൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി 6ാം പ്രവൃത്തി ദിവസമുള്ള കുട്ടികളുടെ കണക്കെടുപ്പും ജൂലൈ 15 നു മുമ്പായുള്ള തസ്തിക നിർണ്ണയവും കൃത്യമായി നടപ്പിലാക്കേണ്ടതാണ്.

5). പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപക/അനദ്ധ്യാപകർക്ക് അവരുടെ മാതൃവിദ്യാലയത്തിൽ നിന്നും SPARK മുഖേന ശമ്പളം നൽകുന്നതാണ്.

.........(2)

പൊതുവിദ്യാഭ്യാസ ഡയറക്ടർ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം. മുഹമ്മദ് ഹനീഷ്

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് കത്ത് നമ്പർ എച്ച്2/35985/2016 തീയതി 01.09.2016**

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രഥമാധ്യാപകരുടെയും അടിയന്തര അനന്തര നടപടികൾക്കായി അയക്കുന്നു. ഈ വിഷയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉടൻതന്നെ നടപ്പാക്കേണ്ടതാണ്.

1. സംരക്ഷിത ജീവനക്കാരുടെ (ഇനി പുനർവിന്യസിക്കപ്പെടാനുള്ളവർ ഉൾപ്പെടെ) 2016 ഏപ്രിൽ, മെയ്, ആഗസ്റ്റ് മാസങ്ങളിലെ ശമ്പളബിൽ തയ്യാറാക്കി 03.09.2016 നുതന്നെ തുക മാറി നൽകണം. ഇവർ തസ്തിക നഷ്ടമായി പുറത്തുനിന്ന കാലയളവ് അവധിയായി ക്രമീകരിച്ചതിനുശേഷം മാത്രമേ ഈ മാസങ്ങളിലെ ശമ്പളം നൽകൂ എന്ന തീരുമാനം യാതൊരു കാരണവശാലും കൈക്കൊള്ളരുത്.

2. 01.06.2016 മുതൽ പുനർവിന്യസിക്കപ്പെട്ട സ്കൂളിൽ ജോലിയിൽ പ്രവേശിച്ചതിന്റെ തലേദിവസം വരെയുള്ള കാലയളവാണ് അർഹതപ്പെട്ട അവധി/ശൂന്യവേതനാവധി ആയി ക്രമീകരിക്കേണ്ടത്. ഈ ക്രമീകരണവും നിയമാനുസരണം ഉടൻതന്നെ നടത്തി അർഹതപ്പെട്ട അവധി ശമ്പളം വാങ്ങി നൽകാനും പ്രഥമാധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

ടി നിർദേശങ്ങൾ പ്രഥമാധ്യാപകർ സമയബന്ധിതമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട എ.ഇ.ഒ./ഡി.ഇ.ഒ-മാർ ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
*(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*